കളിലേക്കും നിയമനം നടത്തുന്നു, 2250 രൂപയ്ക്കുമേൽ ശമ്പളമുള്ള തസ്തികകളിൽ നിയമനം നടത്തുന്നത് ഗവൺമെൻറാണ്, ഇപ്പോഴത്തെ സ്റ്റാഫ് സെലക്ഷൻ കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങളാണുള്ളത്,

1. ശ്രീമതി റോസമ്മാ പുന്നൂസ് (ചെയർമാൻ)
2. ശ്രീ. എം. കെ. കുഞ്ഞുരാമൻ (ഡയറക്ടർ)
3. ശ്രീ. കെ. കെ. നായർ (മാനേജിംഗ് ഡയറക്ടർ)

(എഫ്) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

(ജി) ശ്രീമതി റോസമ്മാ പുന്നൂസ്.

ഹരിജൻ സഹകരണ സംഘങ്ങൾ

* 80. (302) ശ്രീ. എം. രാമുണ്ണി :

ശ്രീ. കെ. കെ. അബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഹരിജൻ സഹകരണസംഘങ്ങൾ കോ—ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെൻറിനെ ഏൽപ്പിച്ചതുകാരണം കാര്യമായി പ്രവർത്തിക്കുന്നില്ലെന്നു വല്ല ആക്ഷേപവും ഉണ്ടോ ;

(ബി) കേരളത്തിൽ എത്ര ഹരിജൻ വെൽഫെയർ കോ—ഓപ്പറേറ്റീവ് സൊസൈറ്റികൾ ഉണ്ട് ;

(സി) ഈ സൊസൈറ്റികളെല്ലാം പ്രവർത്തിക്കുന്നുണ്ടോ ?

കൃഷിയും ജലസേചനവും മന്ത്രി (ശ്രീ. ഒ കോരൻ) :

(എ) ഇല്ല.

(ബി) 293.

(സി) ഇല്ല.

മൈനർ ഇറിഗേഷൻ പണി

* 81. (358) ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഫണ്ടിൻറെ സ്വഭാവംമൂലം യാതൊരുവിധമായ മൈനർ ഇറിഗേഷൻ പണികളും നടക്കുന്നില്ലെന്നുള്ള വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എത്രയുംവേഗം ആവശ്യമായ ഫണ്ട് അനുവദിച്ച് മുടങ്ങിക്കിടക്കുന്ന പണികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ) :

(എ) ഫണ്ടിൻറെ അഭാവംമൂലം മൈനർ ഇറിഗേഷൻ ക്ലാസ് 2. ജോലികൾ വേണ്ടത്ര പുരോഗമിച്ചിട്ടില്ലെന്ന് അറിവായിട്ടുണ്ട്. എന്നാൽ മൈനർ ഇറിഗേഷൻ ക്ലാസ് 1 ജോലികളുടെയും ലിഫ്റ്റ് ഇറിഗേഷൻ പണികളുടെയും പ്രവർത്തനം ഫണ്ടിൻറെ അഭാവംമൂലം മന്ദീഭവിച്ചിട്ടില്ല.

(ബി) മൈനർ ഇറിഗേഷൻ ക്ലാസ് 2. പദ്ധതികൾക്ക് 50 ലക്ഷം രൂപാ കൂടുതലായി അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്.

---

* Appendix I.

LIBRARY ARCHIVES Kerala Legislative Assembly